**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1828** **02-02-2024 - ൽ മറുപടിയ്ക്ക്**

**പുനലൂരിൽ പ്രഖ്യാപിക്കപ്പെട്ട ഭിന്നശേഷി സൗഹൃദ പുനരധിവാസ ഗ്രാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പുനലൂരിൽ പ്രഖ്യാപിക്കപ്പെട്ട,ഭിന്നശേഷി സൗഹൃദ പുനരധിവാസ ഗ്രാമം സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി സാമൂഹ്യനീതി വകുപ്പിന് കൈമാറിയ സാഹചര്യത്തിൽ പ്രസ്തുത കേന്ദ്രം സ്ഥാപിയ്ക്കുന്നതിനായി എന്തൊക്കെ തുടർ നടപടികൾ ആണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള പുനരധിവാസഗ്രാമം സ്ഥാപിക്കുന്നതിനായി, പുനലൂർ താലൂക്കിലുള്ള വാളക്കോട് വില്ലേജിൽ സർവ്വേ നം. 538/1/173 A, 538/1/173 B എന്നിവയിൽ ഉൾപ്പെട്ട 65.55 ആർസ് (1.62 ഏക്കർ) ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, സാമൂഹ്യനീതിവകുപ്പിന് ഉപയോഗാനുമതി നൽകി 06/01/2024 ലെ സ.ഉ.(സാധാ) നം. 86/2024/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പദ്ധതിയുടെ ആദ്യഘട്ടത്തിൽ പ്രൊഡക്ഷൻ യൂണിറ്റുകൾ, പകൽ പരിപാലനകേന്ദ്രം, രക്ഷകർതൃ ശാക്തീകരണ പരിപാടികൾ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച് ബഹു. പുനലൂർ എം.എൽ.എ.-യുമായി നടത്തിയ യോഗത്തിൽ പ്രാഥമിക ധാരണയായിട്ടുണ്ട് |
| (ബി) | പ്രസ്തുത കേന്ദ്രത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; ആയതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; | (ബി) | പുനരധിവാസഗ്രാമത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുന്നോടിയായി Detailed Project Report തയ്യാറാക്കേണ്ടതുണ്ട്. അതിലേക്കുള്ള അനുയോജ്യമായ ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. DPR ന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ നിർമ്മാണ ഏജൻസിയെ ചുമതലപ്പെടുത്തുന്ന മുറയ്ക്ക് മാത്രമേ പുനരധിവാസകേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാകുന്ന തീയതി അറിയുവാൻ കഴിയുകയുള്ളൂ. |
| (സി) | ഇവിടെ സ്ഥാപിക്കാനുദ്ദേശിക്കുന്ന പുനരധിവാസ ഗ്രാമത്തിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | പുനരധിവാസഗ്രാമത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുന്നോടിയായി Detailed Project Report തയ്യാറാക്കേണ്ടതുണ്ട്. അതിലേക്കുള്ള അനുയോജ്യമായ ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. DPR ന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ നിർമ്മാണ |

| | | | |
|---|---|---|---|
| | | | ഏജൻസിയെ ചുമതലപ്പെടുത്തുന്ന മുറയ്ക്ക് മാത്രമേ പുനരധിവാസകേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാകുന്ന തീയതി അറിയുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ